പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *252 19.06.2014 - ൽ മറുപടിക്ക്

## ദേശീയപാതാ വികസനത്തിന് ബദൽമാർഗ്ഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.നാണു<br>,, മാത്യു റ്റി.തോമസ്<br>,, ജോസ് തെറ്റയിൽ<br>ശ്രീമതി ജമീലാ പ്രകാശം | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയപാതാവികസനത്തിൽ നിന്നും ദേശീയപാതാ അതോറിറ്റി പിൻമാറിയ നിലയ്ക്ക് എന്ത് ബദൽ മാർഗ്ഗമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) കേരളത്തിലെ ദേശീയപാത 17 ഉം 47 ഉം ബി.ഒ.റ്റി വ്യവസ്ഥയിൽ സർവ്വീസ് റോഡോടു കൂടി 4/6 വരിപാതയായി വികസിപ്പിക്കുവാൻ ദേശീയപാത അതോറിറ്റിയെ ഏൽപ്പിക്കുകയുണ്ടായി. ഇതിൽ തൃശ്ശൂർ - അങ്കമാലി-ഇടപ്പള്ളി ഭാഗത്തെ പണി പൂർത്തീകരിച്ചു. വാളയാർ മുതൽ തൃശ്ശൂർ വരെയുള്ള ഭാഗത്തെ പണി പുരോഗമിക്കുന്നു. എന്നാൽ ശേഷിച്ച ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ ദേശീയപാത 17 ന്റെ കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗവും എൻ.എച്ച് 47 ന്റെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗവും പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്ഥലം ലഭ്യമായ ഇടങ്ങളിൽ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ റോഡിന്റെ വികസനം ഏറ്റെടുത്ത് നടത്തുവാനുള്ള സാദ്ധ്യതകൾ പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചു |
| (ബി) എൻ. എച്ച്. എ. ഐ. -ൽ കൂടിയല്ലാതെ നടപ്പിലാക്കുന്ന ദേശീയ പാതാ വികസന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | |
| (സി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | |

വരുന്നു. കേരളത്തിലെ മറ്റ് അഞ്ച് ദേശീയ പാതകളായ ബോഡിമെട്ടു മുതൽ കുണ്ടന്നൂർ വരെ (എൻ.എച്ച്-49), കൊല്ലം-കഴുത്തുരുത്തി (എൻ.എച്ച്-208), കോഴിക്കോട്- മുത്തങ്ങ (എൻ.എച്ച്-212), കോഴിക്കോട്-പാലക്കാട്(എൻ.എച്ച്-213), കൊല്ലം -തേനി(എൻ. എച്ച്-220) എന്നിവ "പേവ്ഡ് ഷോൾഡറോടു" കൂടി ബി.ഒ.റ്റി വ്യവസ്ഥയിൽ 2 വരി പാതയായി NHDP Phase IV A-യിൽ ഉൾപ്പെടുത്തി വികസിപ്പിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇപ്പോൾ തന്നെ 2 വരിയുള്ള ഈ റോഡുകൾ ടോൾ വ്യവസ്ഥയിൽ വികസിപ്പിക്കുന്നത് കേരള സാഹചര്യങ്ങളിൽ അഭികാമ്യമല്ലാത്തതിനാൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് ടി പാതകളെ NHDP-യിൽ നിന്ന് വേർപെടുത്തിയിട്ടുണ്ട്. ഈ ദേശീയ പാതകളുടെ വികസനം കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ ദേശീയപാതകളുടെ ഉപരിതലം പുതുക്കുന്നതിനും മറ്റു വികസന പ്രവർത്തനങ്ങൾക്കും കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭ്യമാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.